**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4217** **28-10-2021 - ൽ മറുപടിയ്ക്ക്**

**വൈപ്പിൻ മണ്ഡലത്തിലെ ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ** | | **Shri. P. Rajeeve**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളും മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളും അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (എ) | വ്യവസായ എസ്റ്റേറ്റ് ആരംഭിക്കുന്നതിന് വിവിധ ജില്ലകളിൽ ലഭ്യമായ ഭൂമി അതത് ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ കണ്ടെത്തി District Site Selection Committee മുൻപാകെ സമർപ്പിക്കുന്നു. 24/05/2019 ലെ GO(Rt)732/2017/ID നമ്പർ സർക്കാർ ഉത്തരവിലെ താഴെപ്പറയുന്ന മാനദണ്ഡങ്ങൾ പ്രകാരമുള്ളതാണോ നിർദിഷ്ട ഭൂമി എന്ന് അതാത് ജില്ലകളിലെ വ്യവസായ കേന്ദ്രം ജനറൽ മാനേജരും KINFRA, KSIDC, SIDCO പ്രതിനിധികളും അടങ്ങുന്ന District Site Selection Committee വിശകലനം ചെയ്യുന്നു. 1.വ്യവസായികൾ അംഗീകരിക്കുന്ന തരത്തിലുള്ള വ്യവസായിക ആവശ്യങ്ങൾക്കായി വികസിപ്പിക്കാവുന്ന തരത്തിൽ ഉള്ള ഭൂമി ആയിരിക്കണം 2.ഏറ്റെടുക്കുന്ന ഭൂമിയുടെ 75% എങ്കിലും വ്യവസായത്തിനായി അനുവദിക്കാൻ കഴിയണം. 3.പരിസ്ഥിതി ലോല മേഖലയിൽപ്പെട്ട ഭൂമി ആയിരിക്കരുത്. 4. ജലം, വൈദ്യുതി ലഭ്യത ഉള്ള ഭൂമിയായിരിക്കണം, അല്ലാത്തപക്ഷം ടി സൗകര്യങ്ങൾ മിതമായ നിരക്കിൽ ലഭ്യമാക്കാൻ കഴിയണം. 5.നിയുക്ത സ്ഥലം സംസ്ഥാന/ദേശീയ പാതകൾക്ക് അടുത്തായിരിക്കണം ഇപ്രകാരം District Site Selection Committee സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാരിലേക്ക് പ്രൊപ്പോസൽ സമർപ്പിച്ച് സർക്കാർ അംഗീകാരം നല്കുന്ന മുറയ്ക്ക് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് രൂപീകരിക്കുന്നു. മേൽപ്പറഞ്ഞവ കൂടാതെ 20/06/17ലെ GO(MS)47/2017/ID , 14/08/18ലെ GO(MS)64/2018/ID എന്നീ സർക്കാർ ഉത്തരവുകൾക്ക് വിധേയമായി സംസ്ഥാനത്ത് സ്വകാര്യ മേഖലയിൽ പ്രൈവറ്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ രൂപീകരിക്കാവുന്നതാണ് . ആയതിന്റെ നടപടിക്രമം ചുവടെ ചേർക്കുന്നു . 1.സ്വകാര്യ |

| | | | |
|---|---|---|---|
| | | | വ്യക്തികൾ, കമ്പനികൾ, സഹകരണ സ്ഥാപനങ്ങൾ, ചാരിറ്റബിൾ സൊസൈറ്റികൾ, MSME മേഖലയിലെ കൺസോർഷ്യയം എന്നിവരുടെ ഉടമസ്ഥതിയിൽ ഗ്രാമീണ മേഖലയിൽ 25 ഏക്കറോ അധികമോ ഉള്ളതും മുനിസിപ്പൽ / കോർപ്പറേഷൻ പരിധിയിൽ 15 ഏക്കറോ അധികമോ ഉള്ളതും ആയ ഭൂമി വ്യവസായ ആവശ്യത്തിനായി അനുവദിക്കു ന്നതിനു തൽപ്പരരായവർ FORM-1 ൽ അപേക്ഷ കിൻഫ്ര മാനേജിങ് ഡയറക്ടർ മുൻപാകെ സമർപ്പിക്കേണ്ടതാണ്. ഇത്തരത്തിൽ സമർപ്പിക്കപ്പെടുന്ന അപേക്ഷ താഴെപ്പറയുന്ന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ പരിശോധിക്കുന്നു. (എ). പ്രസ്തുത ഭൂമി വ്യവസായ ആവശ്യത്തിനു ഉത്തമമായിരിക്കണം. നിയുക്ത ഭൂമി ESA/CRZ പരിധിയിലോ Kerala Conservation of Paddy Land and Wet land Act 2008- ന്റെ പരിധിയിലോ ഉൾപ്പെടാത്ത ഭൂമി ആയിരിക്കണം. (ബി) . നിയുക്ത ഭൂമിയിൽ ജല ഗതാഗത സൗകര്യം ഉണ്ടായിരിക്കണം. (സി). അപേക്ഷകന് പ്രൈവറ്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് നടത്തി കൊണ്ട് പോകാനുള്ള സാങ്കേതികവും സാമ്പത്തികവുമായ കഴിവ് ഉണ്ടായിരിക്കണം. ചട്ടപ്രകാരം ലഭിക്കുന്ന അപേക്ഷകൾ പ്രൈവറ്റ് ഇൻഡസ്ട്രിയൽ പെർമിറ്റ് അനുവദിക്കുന്നതിനായി പരിഗണിക്കുന്നതാണ്. |
| (ബി) | വൈപ്പിൻ നിയോജകമണ്ഡലത്തിൽ എവിടെയെല്ലാമാണ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളും മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളും അനുവദിച്ചിട്ടുള്ളതെന്നും പ്രവർത്തിച്ചുവരുന്നതെന്നും വ്യക്തമാക്കാമോ; | (ബി) | വൈപ്പിൻ നിയോജക മണ്ഡലത്തിൽ ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ ഇല്ല. എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്ത് ഓഫീസിന് സമീപത്തായി ഒരു മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് പ്രവർത്തിക്കുന്നു. |
| (സി) | വൈപ്പിൻ കരയുടെ മാനവവിഭവശേഷിയും വ്യാവസായികാന്തരീക്ഷവും കണക്കിലെടുത്ത് കൂടുതൽ ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ ആരംഭിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ? | (സി) | ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് തുടങ്ങുന്നതിന് അനുയോജ്യമായ സ്ഥലലഭ്യതയ്ക്കനുസരിച്ച് ടി വിഷയം പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ